**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5717** **16-03-2023 - ൽ മറുപടിയ്ക്ക്**

**അഗ്നിസുരക്ഷാ വകുപ്പിനെ ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. പി. കെ. ബഷീർ,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ കച്ചവട സ്ഥാപനങ്ങളിലും ബഹുനില കെട്ടിടങ്ങളിലും നിരന്തരം അഗ്നിബാധ റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ ഈ സ്ഥലങ്ങളിലെ അഗ്നിസുരക്ഷാ സംവിധാനത്തെപ്പറ്റി പരിശോധന നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കച്ചവട സ്ഥാപനങ്ങളിലെയും, ബഹുനില കെട്ടിടങ്ങളിലെയും അഗ്നിസുരക്ഷാ സംവിധാനങ്ങൾ ആനുകാലികമായി പരിശോധിച്ച് കാര്യക്ഷമത ഉറപ്പാക്കുന്നതിനും അപാകതകൾ കണ്ടാൽ ആയവ പരിഹരിക്കുന്നതിന് കെട്ടിടം ഉടമയ്ക്ക് നോട്ടീസ്നൽകുന്നതിനും, വിവരം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന അധികാരികളെയും, ജില്ലാ കളക്ടറെയും അറിയിക്കുന്നതിനും അഗ്നിരക്ഷാ സേവന വകുപ്പിലെ എല്ലാ റീജിയണൽ ഫയർ ഓഫീസർമാരെയും, ജില്ലാ ഫയർ ഓഫീസർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇത്തരം സ്ഥലങ്ങളിൽ മതിയായ അഗ്നിസുരക്ഷ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുമോ; വീഴ്ച വരുത്തുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | റീജിയണൽ ഫയർ ആഫീസർമാർ, ജില്ലാ ഫയർ ആഫീസർമാർ, സ്റ്റേഷൻ ആഫീസർമാർ എന്നിവരുടെ പരിശോധനാ വേളയിൽ അനധികൃത നിർമ്മാണം നടത്തിയും കാറ്റഗറി വ്യവസ്ഥകൾ ലംഘിച്ചും സുരക്ഷാ സംവിധാനങ്ങൾ യഥാക്രമം പ്രവർത്തനക്ഷമമല്ലാതെയും കാണപ്പെടുന്ന കെട്ടിടങ്ങളുടെ ന്യൂനത പരിഹരിക്കുന്നതിന് കെട്ടിട ഉടമയ്ക്ക് വിശദമായ നോട്ടീസ് നൽകുകയും, ലൈസൻസിംഗ് അതോറിറ്റി ആയ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ അറിയിച്ച് തുടർനടപടിക്ക് അഭ്യർത്ഥിക്കുകയും വിവരം ജില്ലാ കളക്ടറെ രേഖാമൂലം അറിയിക്കുകയും ചെയ്യുന്നുണ്ട്. ഗുരുതരമായ വീഴ്ച ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ ദുരന്ത നിവാരണ നിയമപ്രകാരം നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകുന്നുമുണ്ട്. |
| (സി) | ബഹുനില കെട്ടിടങ്ങളിലെ തീപിടുത്തം നേരിടുന്നതിന് സ്കൈ ലിഫ്റ്റ് ഉൾപ്പെടെയുള്ള ആധുനിക യന്ത്രോപകരണങ്ങൾ ലഭ്യമാക്കി | (സി) | ഉണ്ട്. ബഹുനില കെട്ടിടങ്ങളിൽ ഉണ്ടാകുന്ന തീ പിടുത്തം ഉൾപ്പെടെയുള്ള അപകടങ്ങളിൽ രക്ഷാ പ്രവർത്തനം നടത്തുന്നതിനായി ഏരിയൽ ലാഡർ |

| | | | |
|---|---|---|---|
| | അഗ്നിസുരക്ഷ വകുപ്പിനെ ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | | പ്ലാറ്റ്ഫോം വാങ്ങുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ